(എഫ്) സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ. കോഴ്സുകൾ പാസ്സായി ഓരോ വർഷവും പുറത്തുവരുന്നവർ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ജി) വിവിധ വകുപ്പുകളിലെ നിയമനത്തിനായി വി.എച്ച്.എസ്.ഇ. കോഴ്സ് പാസ്സായവരെ പരിഗണിക്കണമെന്ന് നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ തസ്തികകളിൽ നിയമനത്തിനായുള്ള യോഗ്യത നിർണ്ണയിക്കുന്നതും ഓരോ തസ്തികയുടെയും കർത്തവ്യങ്ങളും ചുമതലകളും കണക്കിലെടുത്ത്, ആയത് അതാത് തസ്തികയുടെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയാണ്. കൂടാതെ അക്കാദമിക് മെഡിക്കൽ ടെക്നിക്കൽ രംഗങ്ങളിലുള്ള വിവിധ തസ്തികകളുടെ യോഗ്യത നിർണ്ണയിക്കുന്ന കാര്യത്തിൽ ഇതു സംബന്ധിച്ച കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ മാർഗ്ഗനിർദ്ദേങ്ങൾ പാലിച്ചുകൊണ്ട് അവ ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെടുത്തിയുമാണ് യോഗ്യത നിശ്ചയിക്കുന്നത്.

(സി) സംസ്ഥാന സർവ്വീസിലെ ഏതൊക്കെ തസ്തികകൾക്ക് വി.എച്ച്.എസ്.ഇ. കോഴ്സുകൾ അനുയോജ്യമായ യോഗ്യതയാണെന്ന കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടത് സർക്കാരാണ്. ആയതിന് പി.എസ്.സി. യുടെ ഉപദേശം കൂടി കണക്കിലെടുക്കാറുണ്ട്.

(ഡി) വി.എച്ച്.എസ്.ഇ. കോഴ്സുകൾ, തസ്തികകളുടെ നിയമനത്തിനുള്ള യോഗ്യതയായി അംഗീകരിക്കുന്നത് സംബന്ധിച്ച് പി.എസ്.സി.യ്ക്ക് ഉപദേശത്തിനായി അയച്ച നിർദ്ദേശങ്ങളൊന്നും കമ്മീഷൻ നിരാകരിച്ചിട്ടില്ല.

(ഇ) സർക്കാർ സർവ്വീസിലെ ഏതൊക്കെ തസ്തികകൾക്ക് വി.എച്ച്.എസ്.ഇ. കോഴ്സ് യോഗ്യത അനുയോജ്യമാണെന്ന് തീരുമാനമാകാത്തതുകൊണ്ടാണ് ചില വി.എച്ച്.എസ്.ഇ. കോഴ്സുകളെ നിയമനത്തിനുള്ള യോഗ്യതയ്ക്കായി അംഗീകരിക്കാത്തത്. ഇവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(എഫ്) ഉണ്ട്. പൂർണ്ണവിവരം ലഭ്യമല്ല. ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

1998 - 12189 -പേർ.

1999 - 14266 -പേർ.

(ജി) ഇപ്പോൾ വി.എച്ച്.എസ്.ഇ. കോഴ്സ് യോഗ്യതയായി അംഗീകരിച്ചിട്ടില്ലാത്ത തസ്തികകൾക്ക് ഇ.ന് അനുയോജ്യമായ യോഗ്യതയായി അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകളിലും നിയമനത്തിന് പരിഗണന ലഭിക്കും.

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

20 (*170)ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ
ശ്രീ. എൻ. അനിരുദ്ധൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുണ്ട്;

(ബി) ഇതിൽ ആവശ്യത്തിന് ഡോക്ടർമാരില്ലാത്ത എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുണ്ട്;

(സി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) സംസ്ഥാനത്ത് 944 പ്രാഥമികാരോഗ്യകേന്ദ്രങ്ങളും 105 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

(ബി) 235 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ സ്ഥിരമായ ഡോക്ടർമാരുടെ കുറവുണ്ട്.

(സി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.യുടെ ലിസ്റ്റ് നിലവിലില്ലാതിരിക്കുകയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഡോക്ടർമാരെ ലഭ്യമല്ലാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ, കരാർ വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്തീരാജ് നിയമം നിലവിൽ വന്നതോടെ ജില്ലാതല ആശുപത്രികൾവരെയുള്ള സ്ഥാപനങ്ങളുടെ ഭരണച്ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു കൊടുത്തിട്ടുണ്ട്. സർക്കാർ പൊതുവായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയുന്നവയാണ്. ബ്ലോക്ക് തലത്തിലുള്ള പി.എച്ച്.സി.കളെ ഘട്ടംഘട്ടമായി സി.എച്ച്.സി.കളായി ഉയർത്തി വരുന്നുണ്ട്. ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചുവരുന്നുണ്ട്. പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സാധനസാമഗ്രികൾ വാങ്ങുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. പി.എച്ച്.സി.കൾക്ക് വാഹനങ്ങളും ആംബുലൻസും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഫസ്റ്റ് റഫറൽ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. അത്യാവശ്യ അടിസ്ഥാന സേവനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യങ്ങളും, ചെറിയ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേക്ക് ആവശ്യമായ തസ്തികകൾ ധനലഭ്യതയ്ക്കനുസരിച്ച് സൃഷ്ടിച്ചുവരുന്നു.

ഉൾനാടൻ ജലപാതയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

21 (*171)ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. പി. രാഘവൻ :

ശ്രീ. പിടി. കുഞ്ഞുമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഉൾനാടൻ ജലപാതയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു പുരോഗതി കൈവരിക്കാനായി എന്നു വെളിപ്പെടുത്തുമോ;